പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1247 | 06.03.2018- ൽ മറുപടിയ്ക്ക്

## കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം

**ചോദ്യം**
**ശ്രീ.അനൂപ് ജേക്കബ്**

(എ) വിവിധ പദ്ധതികൾ ആരംഭിക്കുന്നതിനായി ഭൂമി പരിവർത്തനം ചെയ്യുന്നതിന് 2008 ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളിൽ ഇളവ് അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികൾക്കായാണ് ഇളവ് അനുവദിച്ചതെന്നും; വ്യവസ്ഥകൾക്ക് വിധേയമായാണോ പ്രസ്തുത ഇളവ് അനുവദിച്ചതെന്നും അറിയിക്കുമോ?

**ഉത്തരം**
**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

(എ) & (ബി) ഉണ്ട്. 30/12/2017-ൽ പുറപ്പെടുവിച്ച 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് 41/2017 വകുപ്പ് 10-ന്റെ അടിസ്ഥാനത്തിൽ ബ്രഹ്മപുരം വേസ്റ്റ് ടു എനർജി പ്രോജക്റ്റിനായി എറണാകുളം ജില്ലയിലും, ടെക്നോപാർക്ക് 3-ാം ഘട്ട വികസനത്തിനായി തിരുവനന്തപുരം ജില്ലയിലും, ഗെയിൽ എസ്. വി. സ്റ്റേഷൻ നിർമ്മാണത്തിനായി മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലും പൊതു ആവശ്യത്തിന് ഭൂമി രൂപാന്തരപ്പെടുത്തുന്നതിന് നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളിൽ ഇളവ് നൽകിയിട്ടുണ്ട്.

2008 ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് പ്രകാരം ഇളവനുവദിക്കുന്നതിന് നിയമപ്രാബല്യം നൽകിയിട്ടുണ്ട്. ഒഴിവാക്കാൻ അനുവദിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണത്തിന്റെ 10% ഭൂമി, ജല സംരക്ഷണ നടപടികൾക്കായി മാറ്റി വയ്ക്കണമെന്ന വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ